**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6277** **10-11-2021 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ പെരുമ്പയിൽ പുതിയ പാലം നിർമ്മിക്കാൻ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ദേശീയപാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം എന്ന വിഭാഗത്തിൽപ്പെടുത്തി പയ്യന്നൂർ പെരുമ്പയിൽ എൻ.എച്ച്. 66-നെയും പയ്യന്നൂർ നഗരസഭ ബസ്സ്റ്റാന്റിനെയും ബന്ധിപ്പിക്കുന്നതിന് പുതിയ പാലം നിർമ്മിക്കാൻ ഫണ്ട് നീക്കിവെച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ അവസ്ഥ എന്താണ്; വ്യക്തമാക്കാമോ; | (എ) | പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ രണ്ടാം വർഷം 2018-19-ൽ ദേശീയപാത കളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം എന്ന വിഭാഗത്തിൽപ്പെടുത്തി പെരുമ്പ പാലത്തിന് സമാന്തരമായി പുതിയപാലം എന്ന പ്രവൃത്തിക്ക് ഫണ്ട് നീക്കിവച്ചിരുന്നു. തുടർന്ന്പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും 80 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത പ്രൊപ്പോസൽ കിഫ്ബി ഫണ്ടില്ലാത്തിനാൽ നിരാകരിച്ചിരുന്നു. തുടർന്ന് ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി DPR സമർപ്പിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ 27-06-2019-ന് പൂർത്തിയാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗിൽ നിന്ന് സ്ട്രക്.ച്ചറൽ ഡിസൈൻ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ